**കേരള സർക്കാർ**

**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.302** **29.06.2016 – ലെ മറുപടിക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | ശ്രീ. ടി.എം. തോമസ് ഐസക്<br>ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**ട്രഷറി മിച്ചം**

| | | |
|---|---|---|
| എ | കഴിഞ്ഞ യു.ഡി.എഫ്.സർക്കാർ 3000 കോടിയിലേറെ രൂപ ട്രഷറി മിച്ചം വരുത്തിയിട്ടാണ് അധികാരമൊഴിഞ്ഞത്എന്ന വിവരം മുൻ മുഖ്യമന്ത്രി വാർത്താ മാദ്ധ്യമങ്ങളിലൂടെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി. | ഇതിന്റെ നിജസ്ഥിതി എന്താണ്; വിശദവിവരം നൽകാമോ? | ഈ സർക്കാർ ചുമതലയേറ്റ 25.05.2016-ൽ ഓപ്പണിംഗ് ബാലൻസായി **1009.30** കോടി രൂപ ട്രഷറി ബില്ലിൽ നിക്ഷേപമായുണ്ടായിരുന്നു. എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിങ്ങിന് ബാങ്കിനും നൽകേണ്ടത് (1600 കോടി) എന്നിവയുൾപ്പെടെ **4600 കോടി**യില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ഈ സമയത്ത് അടിയന്തിര ബാധ്യത 5965 **കോടി**യില്പരം രൂപ വരും. |

**സെക്ഷൻ ഓഫീസർ**